**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1923** **08-02-2023 - ൽ മറുപടിയ്ക്ക്**

**ഇരിക്കൂർ മണ്ഡലത്തിലെ ക്ഷീരവികസന യൂണിറ്റുകളിലെ ഉദ്യോഗസ്ഥരുടെ ഒഴിവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സജീവ് ജോസഫ് | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | ഇരിക്കൂർ മണ്ഡലത്തിന്റെ പരിധിയിൽ വരുന്ന ക്ഷീരവികസന യൂണിറ്റ് ഓഫീസുകളിൽ സ്ഥിരം ക്ഷീരവികസന ഓഫീസറെയും ഡയറി ഫാം ഇൻസ്ട്രക്ടറേയും നിയമിക്കാതിരിക്കാനുള്ള കാരണം എന്താണെന്ന് വിശദമാക്കാമോ; | (എ) | ഇരിക്കൂർ മണ്ഡലത്തിന്റെ പരിധിയിൽ 3 ക്ഷീരവികസന യൂണിറ്റുകളാണ് ഉള്ളത് - മണിക്കടവ് ക്ഷീരവികസന യൂണിറ്റ്, ഇരിക്കൂർ ക്ഷീരവികസന യൂണിറ്റ്, ആലക്കോട് ക്ഷീരവികസന യൂണിറ്റ്- ഇവിടങ്ങളിൽ ക്ഷീരവികസന ഓഫീസർമാരുടെ പി.എസ്.സി റാങ്ക് ലിസ്റ്റ് നിലവിൽ ഇല്ലാത്തതിനാൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയാണ് നിയമനം നടത്തിയിട്ടുള്ളത്. 3 യൂണിറ്റുകളിലും ഡയറി ഫാം ഇൻസ്ട്രക്ടർമാരുടെ സ്ഥിര നിയമനം നടത്തിയിട്ടുണ്ട്. ഇരിക്കൂറും മണിക്കടവിലും ഒന്ന് വീതവും ആലക്കോട് രണ്ട് ഡയറി ഫാം ഇൻസ്ട്രക്ടർമാരും നിലവിലുണ്ട്. |
| (ബി) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ക്ഷീര വികസന വകുപ്പുമായി ബന്ധപ്പെട്ട പദ്ധതികളുടെ സുഗമമായ നടത്തിപ്പിന് പാൽ ഉല്പാദനം കുറഞ്ഞ യൂണിറ്റുകളിലെ ഉദ്യോഗസ്ഥരെ ഇരിക്കൂർ മണ്ഡലത്തിലെ ക്ഷീരവികസന യൂണിറ്റിലേക്ക് പുനർവിന്യസിക്കുന്നത് പരിഗണിക്കുമോ; ഇല്ലായെങ്കിൽ ആയതിനുള്ള കാരണം വിശദമാക്കാമോ? | (ബി) | പി.എസ്.സി റാങ്ക് ലിസ്റ്റ് നിലവിൽ ഇല്ലാത്തതിനാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ക്ഷീരവികസന വകുപ്പുമായി ബന്ധപ്പെട്ട പദ്ധതികളുടെ സുഗമമായ നടത്തിപ്പിനായി ക്ഷീരവികസന ഓഫീസർമാരുടെ ഒഴിവുള്ള തസ്തികകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം നടത്തിയിട്ടുണ്ട്.ഡയറി ഫാം ഇൻസ്ട്രക്ടർമാരെ പി.എസ്.സി മുഖേന നിയമിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ